# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 537

27.09.2011-ൽ മറുപടിക്ക്.

## എമർജിംഗ് കേരള നിക്ഷേപക സംഗമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ :<br>ശ്രീ. എസ്. ശർമ്മ :<br>ശ്രീ. എളമരം കരീം :<br>ശ്രീ. സാജു പോൾ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) എമർജിംഗ് കേരള നിക്ഷേപക സംഗമം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിലേക്കായി നിക്ഷേപക സാദ്ധ്യതയുള്ള പദ്ധതികൾ തെരഞ്ഞെടുത്തിട്ടുണ്ടോ ; | (എ) ഉണ്ട്. നിക്ഷേപ സാധ്യതയുള്ള മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) ഇതിനകം ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട ഏതെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; സംഗമത്തിന്റെ നടത്തിപ്പിനായി എന്തു തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു ; | (ബി) മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപ സാധ്യത കണ്ടെത്തിയിട്ടുള്ള മേഖലയിൽ വരുന്ന പദ്ധതികൾ അതാത് വകുപ്പുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംഗമത്തിന്റെ നടത്തിപ്പിനായി അഞ്ചു കോടിയിലധികം തുക ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഏതെങ്കിലും മേഖലയിൽ ഏതെങ്കിലും വിദേശ രാജ്യങ്ങളിൽ നിന്നുള്ള നിക്ഷേപം വേണ്ടെന്ന് വച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളുടേത് ; | (സി) ഇല്ല. |
| (ഡി) പദ്ധതിയുടെ ഭാഗമായി ഇതിനകം എത്ര ധാരണാപത്രങ്ങളിൽ ഒപ്പു വയ്ക്കുകയുണ്ടായി ; | (ഡി) പദ്ധതികൾക്ക് അനുയോജ്യമായ നിക്ഷേപകരെ കണ്ടെത്തിയതിനു-ശേഷം മാത്രമേ ധാരണാപത്രങ്ങളിൽ ഒപ്പുവയ്ക്കുകയുള്ളു. |
| (ഇ) സംഗമത്തിൽ പങ്കെടുക്കുന്ന നിക്ഷേപകർക്ക് പദ്ധതികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തായിരിക്കുമെന്ന് വിശദമാക്കുമോ ? | (ഇ) തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ